HGH INDIA® 2026
HOME DECOR ▪▪▪ GIFTS ▪▪▪ HOUSEWARE
Jun 30-Jul 03, 2026. Bombay Exhibition Center, Mumbai

NEWS 3

A TEXZONE Event

Where business feels at home!

# ഗൃഹോപകരണങ്ങളും സ്മാർട്ട് കിച്ചനും ശ്രദ്ധാകേന്ദ്രമാകുന്നു

എച്ച്.ജി.എച്ച് ഇന്ത്യ 2026 ജൂൺ 30 മുതൽ ജൂലൈ 3 വരെ മുംബൈയിലെ ബോംബെ എക്സിബിഷൻ സെന്ററിൽ നടക്കുന്നതാണ്. ഈ ട്രേഡ് ഷോയിൽ ഹോം ടെക്സ്റ്റൈൽസ്, ഫർണിഷിംഗ്സ്, ഗൃഹോപകരണങ്ങൾ, ഹോം ഡെക്കർ, ഹോം ഫർണിച്ചർ, സമ്മാന ഇനങ്ങൾ എന്നിവയുൾപ്പെടെ 3,000-ത്തിലധികം വൈവിധ്യമാർന്ന ഗാർഹിക ഉൽപ്പന്നങ്ങൾ ഒരു കുടക്കീഴിൽ ഒരുമിച്ച് കാണാം . ഇന്ത്യയിലെയും മറ്റ് 32 രാജ്യങ്ങളിലെയും പ്രസിദ്ധമായ ബ്രാൻഡുകളിൽ നിന്നും ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നുമുള്ള ഈ ഉൽപ്പന്നങ്ങൾ സന്ദർശകർക്ക് കാണാനും വാങ്ങാനും സാധിക്കും.

എച്ച്.ജി.എച്ച് ഇന്ത്യയിലേക്കുള്ള പ്രവേശനം ബിസിനസ്സ്-ട്രേഡ് ബയർമാർക്കും റീട്ടെയ്ൽ, വിതരണം, ഇറക്കുമതി, ഇൻസ്റ്റിറ്റ്യൂഷണൽ ബയിംഗ്, ആർക്കിടെക്ചർ, ഇന്റീരിയർ ഡിസൈൻ, ഉൽപ്പാദനം, മാർക്കറ്റിംഗ് മേഖലകളിലുള്ളവർക്കുമായി പരിമിതപ്പെടുത്തിയിരിക്കുന്നു. സൗജന്യ പ്രവേശനത്തിനും വിവരങ്ങൾക്കുമായി ട്രേഡ് സന്ദർശകർ ജൂൺ 20-ന് അകം മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ തീയതിക്ക് ശേഷം, പങ്കെടുക്കാൻ തീരുമാനിക്കുന്ന ഒരാൾക്ക് ഇവന്റിന് മുൻപോ ഇവന്റ് നടക്കുന്ന സമയത്തോ 1,000/- രൂപ രജിസ്ട്രേഷൻ ഫീസ് നൽകി പങ്കെടുക്കാം.

ഇന്ത്യയിലെ മുഴുവൻ ഹോം-ലൈഫ്സ്റ്റൈൽ വ്യവസായ രംഗവും വ്യാപാര മേഖലയും ഭാവി ബിസിനസ്സിനെക്കുറിച്ചും സോഴ്സിംഗിനെക്കുറിച്ചും ചർച്ച ചെയ്യാൻ മാത്രമല്ല, ഉൽപ്പന്നങ്ങളിലെ പുത്തൻ മാറ്റങ്ങൾ, പുതിയ വിഭാഗങ്ങൾ, പുതിയ ആശയങ്ങൾ, വരാനിരിക്കുന്ന ഹോം ഫാഷൻ-ഡിസൈൻ-വിപണി ട്രെൻഡുകൾ എന്നിവ മനസ്സിലാക്കാനും ഒത്തുചേരുന്ന ഒരു വേദി കൂടിയാണ് എച്ച്.ജി.എച്ച് ഇന്ത്യ. കടയുടമകളും റീട്ടെയ്ലർമാരും ഓരോ ഉൽപ്പന്നത്തിൽ നിന്നും, ഡിസ്പ്ലേയിൽ നിന്നും, സപ്ലയറിൽ നിന്നും, കാറ്റഗറികളിൽ നിന്നും കൂടുതൽ കാര്യങ്ങൾ തേടികൊണ്ടിരിക്കുന്ന ഒരു സമയത്താണ് എച്ച്.ജി.എച്ച് ഇന്ത്യ 2026 എത്തിച്ചേരുന്നത് . ഉപയോഗക്ഷമത, ഡിസൈൻ, സുസ്ഥിരത, സാംസ്കാരിക മൂല്യം എന്നിവ വിപണിക്ക് അനുയോജ്യമായ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നത് എങ്ങനെയെന്ന് വ്യാപാരികൾക്ക് ഇവിടെ നേരിട്ട് കാണാനാകും

ഈ വർഷത്തെ മേളയിൽ എച്ച്.ജി.എച്ച് ഇന്ത്യയ്ക്ക് കൂടുതൽ പ്രധാന്യം പ്രദാനം ചെയ്യുന്ന നിരവധി പവലിയനുകളും മറ്റ് വിഭാഗങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രീസെൻസ് ട്രെൻഡ്സ് 2026-27, എച്ച്-സർക്കിൾ പ്രൊഡക്റ്റ് ഇന്നൊവേഷൻ അവാർഡ്സ്, സ്മാർട്ട് കിച്ചൻ, സുസ്ഥിരത, ഇന്ത്യൻ പൈതൃകം, വീടുകൾക്കായുള്ള ഹൈ പെർഫോമൻസ് ആൻഡ് ഫങ്ഷണൽ ടെക്നിക്കൽ ടെക്സ്റ്റൈൽസ് എന്നിവയും, അതോടൊപ്പം സമകാലിക ഉൽപ്പന്ന ശ്രേണികളും അന്താരാഷ്ട്ര പ്രദർശകരും, കൈത്തറി, കരകൗശല വസ്തുക്കൾ എന്നിവയും വിപണിയിലെ ചർച്ചകൾക്ക് പുതിയ തലങ്ങൾ നൽകുന്നു. ഇവയെല്ലാം വിപണിയിലെ ആവശ്യകതയിലുള്ള മാറ്റത്തെ കാണിക്കുന്നു: കൂടുതൽ വ്യക്തതയുള്ള ഉൽപ്പന്ന പശ്ചാത്തല വിവരണം, ശക്തമായ മെറ്റീരിയൽ ലോജിക്, ഓരോ കാറ്റഗറിയിലും കൂടുതൽ പ്രായോഗികമായ ഉപയോഗം എന്നിവ തേടുന്ന ബയർമാർക്ക് സഹായകമായി മാറുന്നു.

## സ്മാർട്ട് കിച്ചൻ

ഹാൾ 4-ൽ തയ്യാറാക്കിയിരിക്കുന്ന സ്മാർട്ട് കിച്ചൻ പവിലിയൻ ആധുനിക അടുക്കളകളിൽ വരുന്ന പ്രായോഗിക മാറ്റങ്ങളെ അടിസ്ഥാനമാക്കിയാണ് ഒരുക്കിയിരിക്കുന്നത്. നവീനത, സൗകര്യം, ആരോഗ്യകരമായ പാചകം, സുസ്ഥിരത, ഊർജ്ജ കാര്യക്ഷമത, ഡിസൈൻ എന്നിവയെല്ലാം ഈ ഇടത്തിൽ പ്രദർശിപ്പിക്കുന്നു; ഇന്നത്തെ ബയർമാർ അടുക്കള ഉൽപ്പന്നങ്ങളിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നത് എന്ന് ഇവ വ്യക്തമാക്കുന്നു .

ഇവിടെ വിശദമാക്കുന്നത് ജീവിതശൈലിയിലെ മാറ്റമാണ് . നഗരങ്ങളിലെ ഉപഭോക്താക്കൾ പാചകം കൂടുതൽ വേഗതയേറിയതും, എളുപ്പമുള്ളതും, കൂടുതൽ ക്രമീകൃതവും, കൂടുതൽ ആസ്വാദ്യകരവുമാക്കുന്ന ഉൽപ്പന്നങ്ങൾക്കായി തിരയുമ്പോൾ, സ്മാർട്ട് കിച്ചൻ എന്നത് പുതുമ എന്നതിലുപരി ഒരു പ്രതീക്ഷയായി മാറുകയാണ് .

അതുകൊണ്ടു തന്നെ ഈ പവലിയൻ ബയർമാർക്കും ബ്രാൻഡുകൾക്കും ഒരുപോലെ പ്രസക്തമാകുന്നു. റീട്ടെയ്ൽ രംഗം ഇപ്പോൾ ആവശ്യപ്പെടുന്ന ഡിസൈൻ ഗുണനിലവാരം നഷ്ടപ്പെടുത്താതെ തന്നെ, ദൈനംദിന ഉപയോഗക്ഷമത മെച്ചപ്പെടുത്തുന്ന ഉൽപ്പന്നങ്ങളിലേക്ക് അടുക്കള വ്യാപാര മേഖല എങ്ങനെ നീങ്ങുന്നു എന്ന് ഇത് കാണിച്ചുതരുന്നു .

ഗൃഹോപകരണങ്ങൾക്കായുള്ള ഹൗസ്‌വെയർ ഹാൾ 4-ലെ 25-ലധികം പ്രദർശകരുടെ പിന്തുണയോടെ എച്ച്.ജി.എച്ച് ഇന്ത്യ ടീം സ്മാർട്ട് കിച്ചൻ ആശയം നടപ്പിലാക്കുന്നു, കൂടാതെ എല്ലാ കൺസീൽഡ് കിച്ചൻ അപ്ലയൻസസിന്റെയും ഇൻസ്റ്റാളേഷൻ നിർവ്വഹിക്കുന്നത് ഗ്ലെൻ അപ്ലയൻസസ് ആണ് .

## ഹൗസ്‌വെയർ ഹാൾ 4

### അൽഡ്ഡാ

ഗ്ലെൻ അപ്ലയൻസസിൽ നിന്നുള്ള പ്രീമിയം കിച്ചൻവെയർ ബ്രാൻഡായ അൽഡ്ഡാ, മികച്ച ഈട്, ഭക്ഷണ സുരക്ഷ, ആധുനിക ഉപയോഗക്ഷമത എന്നിവ മുൻനിർത്തി രൂപകൽപ്പന ചെയ്ത നവീനമായ പാചക പാത്രങ്ങളും അടുക്കളയിലേക്കാവശ്യമായ പരിഹാരങ്ങളും പ്രദർശിപ്പിക്കും. തുരുമ്പെടുക്കാതിരിക്കാൻ നൈട്രൈഡിംഗ് സംരക്ഷണം നൽകിയിട്ടുള്ള ഇറോണിക് ലൈറ്റ്‌വെയിറ്റ് കാസ്റ്റ്-അയൺ പാചക പാത്രങ്ങൾ, സെറാമിക്കോ നാച്ചുറൽ സാൻഡ് അടിസ്ഥാനമാക്കിയുള്ള സെറാമിക് പാചക പാത്രങ്ങൾ , വളരെ ഈടുനിൽക്കുന്ന പി.ഇ.ഇ.കെ [P E E K] കോട്ടിംഗ് സാങ്കേതികവിദ്യയോടു കൂടിയ എവർലാസ്റ്റ് നെക്സ്റ്റ് ജനറേഷൻ നോൺ-സ്റ്റിക് പാചക പാത്രങ്ങൾ, ഇന്ത്യൻ കരകൗശലവിദ്യയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് കൈകൊണ്ട് നിർമ്മിച്ച ലക്സ്‌വുഡ് ഹാർഡ്‌വുഡ് കിച്ചൻ ആക്സസറികൾ എന്നിവയാണ് പ്രധാന ആകർഷണങ്ങൾ. ആധുനിക അടുക്കളകൾക്കായി വികസിപ്പിച്ചെടുത്ത പ്ലാസ്റ്റിക് രഹിത ഭക്ഷണ സംഭരണ മാർഗ്ഗങ്ങൾക്കും സ്മാർട്ട് കിച്ചൻ ടൂളുകൾക്കുമൊപ്പം ടോപ്ചോപ്പ്, പ്രോചോപ്പ് ഷെഫ്-ഗ്രേഡ് കത്തികളുടെ ശേഖരവും ഈ പ്രദർശനത്തിൽ ഉണ്ടാകും.

### ബെർഗ്നർ

1999 മുതൽ ഓസ്ട്രിയൻ പാരമ്പര്യം ഉയർത്തി പിടിക്കുന്ന ആഗോള കിച്ചൻവെയർ ബ്രാൻഡായ ബെർഗ്നർ, അതിന്റെ പാചക പാത്രങ്ങൾ, ബേക്കിംഗ് പാത്രങ്ങൾ, കിച്ചൻ ടൂളുകൾ, ആക്സസറികൾ എന്നിവയുടെ ശേഖരവുമായി ബെർഗ്നർ ഇംപെക്സ് ഇന്ത്യയിലൂടെ ഈ മേളയിൽ പങ്കെടുക്കും സുരക്ഷിതവും കൂടുതൽ കാര്യക്ഷമവുമായ ദൈനംദിന പാചകത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പുത്തൻ മാറ്റങ്ങൾക്കൊപ്പം, പുതിയ തലമുറയിലെ ട്രൈ-പ്ലൈ സ്റ്റെയിൻലെസ്സ് സ്റ്റീൽ പാചക പാത്രങ്ങളും ബെർഗ്നർ അവതരിപ്പിക്കുന്നുണ്ട്. ട്രൈ-പ്ലൈ സ്റ്റെയിൻലെസ്സ് സ്റ്റീൽ, ഇനാമൽ കാസ്റ്റ് അയൺ, സെറാമിക് പാചക പാത്രങ്ങൾ എന്നിവയുൾപ്പെടെയുള്ള ഒരു സമ്പൂർണ്ണ കിച്ചൻവെയർ ബ്രാൻഡ് എന്ന നിലയിലുള്ള തങ്ങളുടെ സ്ഥാനം കൂടുതൽ ശക്തമാക്കുവാനും ഇതിലൂടെ സാധിക്കും.

### ബോറോസിൽ

ഇന്ത്യയിലെ പ്രമുഖ തദ്ദേശീയ കിച്ചൻവെയർ, ഗ്ലാസ്‌വെയർ ബ്രാൻഡുകളിലൊന്നായ ബോറോസിൽ, ഉപയോഗക്ഷമതയും ആധുനിക ഡിസൈനും ഒത്തുചേരുന്ന കിച്ചൻ അപ്ലയൻസസിന്റെയും ഹോംവെയറിന്റെയും ഒരു പുതിയ നിര







തന്നെ പ്രദർശിപ്പിക്കും. ഈ ശേഖരത്തിൽ പോർട്ടബിൾ ബ്ലെൻഡറുകൾ, മൾട്ടി ഫങ്ഷൻ ബ്ലെൻഡർ, വേരിയബിൾ ടെമ്പറേച്ചർ കെറ്റിൽ എന്നിവയോടൊപ്പം ഓപ്പൽ ഗ്ലാസ്വെയർ, തെർമോവെയർ, കിച്ചൻ സ്റ്റോറേജ് , ഡൈനിംഗ് സൊല്യൂഷൻസ് എന്നിവയിലെ ജീവിതശൈലിക്ക് അനുയോജ്യമായ ഉൽപ്പന്നങ്ങളും ഉൾപ്പെടുന്നു.

## ട്രാമൊണ്ടീന

115 വർഷത്തിലധികം പാരമ്പര്യമുള്ളതും 130 രാജ്യങ്ങളിൽ സാന്നിധ്യമുള്ളതുമായ ബ്രസീലിയൻ പാചക പാത്ര , ഗൃഹോപകരണ ബ്രാൻഡായ ട്രാമൊണ്ടീന, ആധുനിക അടുക്കളകൾക്കായി രൂപകൽപ്പന ചെയ്ത ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കും. മികച്ച രീതിയിൽ ചൂട് നിലനിർത്തുന്നതിനുള്ള ബെസ്റ്റോ ഇനാമൽഡ് കാസ്റ്റ് അയൺ ശ്രേണി, ദൈനംദിന ഉപയോഗത്തിന് ഭാരം കുറഞ്ഞ ഹെറിറ്റേജ് കാസ്റ്റ് അയൺ കളക്ഷൻ, ഈടുനിൽക്കുന്നതും ആധുനിക ഇന്റീരിയറുകൾക്ക് അനുയോജ്യമായതുമായ സ്റ്റൈലിഷ് സ്റ്റെയിൻലെസ്സ് സ്റ്റീൽ ബിന്നുകൾ എന്നിവ ഇതിലെ പ്രധാന ആകർഷണങ്ങളാണ്. ഈ പ്രദർശനം പൂർണ്ണമാക്കാൻ ലോകമെമ്പാടും അംഗീകരിക്കപ്പെട്ട കത്തികളും കിച്ചൻ ടൂളുകളും ഉണ്ടാകും. ഇവയെല്ലാം ഒന്നിച്ച്, ഉപയോഗക്ഷമതയോടും മനോഹരമായ രൂപഭംഗിയോടും ആധുനിക ജീവിതശൈലിയോടുമുള്ള ട്രാമൊണ്ടീനയുടെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു.

## എംബർ കുക്ക്‌വെയർ

രൂപകൽപ്പനയ്ക്കും മെറ്റീരിയലുകൾക്കും പ്രാധാന്യം നൽകുന്ന പാചക പാത്രങ്ങൾക്ക് പേരുകേട്ട എംബർ കുക്ക്‌വെയർ, പുത്തൻ ആശയങ്ങളും മെറ്റീരിയൽ സയൻസും സമന്വയിപ്പിച്ചുകൊണ്ട് ആധുനിക ഇന്ത്യൻ അടുക്കളകൾക്ക് അനുയോ-




ജ്യമായ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നു. വിഷാംശമില്ലാത്തതും, കുറഞ്ഞ എണ്ണ മാത്രം ആവശ്യമുള്ളതും, കാണാൻ മനോഹരവുമായ പാചക പാത്രങ്ങളാണ് ഇവർ നിർമ്മിക്കുന്നത് ഈ ബ്രാൻഡിന്റെ സെറാമിക് കോട്ടിംഗ്, ടൈറ്റാനിയം പൂശിയ കാസ്റ്റ് അയേൺ പാത്രങ്ങൾ, മനോഹരമായ ഡിസൈനുകൾ എന്നിവ സുരക്ഷിതമായ പാചകത്തിനും, മികച്ച പ്രവർത്തനക്ഷമതയ്ക്കും, അടുക്കളയിലെ അനുഭവങ്ങളുടെ പൂർണ്ണതയ്ക്കായി ഒരുക്കിയിട്ടുള്ളതാണ്.

## കിഷൻഎയ്ഡ്

പ്രീമിയം അടുക്കള ഉപകരണങ്ങൾക്കും പുത്തൻ ആശയങ്ങൾക്കും ആഗോളതലത്തിൽ പേരുകേട്ട കിഷൻഎയ്ഡ്, വിപണിയിൽ ഇറങ്ങാനിരിക്കുന്ന രണ്ട് പുതിയ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കും: കിഷൻഎയ്ഡ് ഗോ കോർഡ്‌ലെസ്സ് റേഞ്ച് റീചാർജ് ചെയ്യാവുന്ന ബാറ്ററിയിൽ പ്രവർത്തിക്കുന്നതിനാൽ



അടുക്കളയിലെ ജോലികൾ കൂടുതൽ എളുപ്പമാക്കുന്നു, അതേസമയം പ്യുവർ പവർ ബ്ലെൻഡർ സ്മൂത്തികൾ, സൂപ്പുകൾ, ഫ്രോസൺ ചേരുവകൾ എന്നിവയും അതിലേറെയും കൃത്യതയോടെയും മികച്ച രീതിയിലും അടിച്ചെടുക്കാൻ സഹായിക്കുന്നു. ഈ രണ്ട് പുതിയ ഉൽപ്പന്നങ്ങളും ആധുനിക ജീവിതശൈലിക്ക് അനുയോജ്യമായ രീതിയിൽ പ്രീമിയം കരകൗശലവിദ്യ, ഈട്, നവീനമായ അടുക്കള അനുഭവങ്ങൾ എന്നിവയിലുള്ള കിഷൻഎയ്ഡിന്റെ നിരന്തരമായ ശ്രദ്ധയെ കാണിക്കുന്നു.

## കോഹെ

മുമ്പ് കംഗാരോ, മ്യൂണിക്സ് , മൈൽസ് തുടങ്ങിയ പ്രശസ്തമായ ബ്രാൻഡുകളിലൂടെ അറിയപ്പെട്ടിരുന്ന കെ.ജി.ഒ.സി [KGOC]-ക്ക് സ്റ്റേഷനറി, വ്യവസായ ഉപകരണങ്ങൾ, അടുക്കളയിലെ അവശ്യവസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിൽ ആറ് പതിറ്റണ്ടിലേറെ പ്രവൃത്തിപരിചയമുണ്ട്. എച്ച്.ജി.എച്ച് ഇന്ത്യ 2026-ൽ, ഈ ഗ്രൂപ്പ് തങ്ങളുടെ ലൈഫ്സ്റ്റൈൽ ആൻഡ് കിച്ചൻവെയർ ബ്രാൻഡായ 'കോഹെ' പ്രദർശിപ്പിക്കുന്നതാണ്. കത്തികൾ, പീലറുകൾ, ചോപ്പിംഗ് ബോർഡുകൾ, ഗ്യാസ് ലൈറ്ററുകൾ, മാനുവൽ ചോപ്പറുകൾ, പിസ്സ കട്ടറുകൾ, ഗ്രേറ്ററുകൾ എന്നിവയുൾപ്പെടെ വളരെ ശ്രദ്ധയോടെ രൂപകൽപ്പന ചെയ്ത അടുക്കള അവശ്യവസ്തുക്കൾക്ക് പേരുകേട്ടതാണ് ഈ ബ്രാൻഡ്. മികച്ച ഉപയോഗക്ഷമതയും ഗുണനിലവാരവും മുൻനിർത്തി വികസിപ്പിച്ചെടുത്ത ഈ ശേഖരം ദൈനംദിന പാചകത്തിനും ആധുനിക അടുക്കള അന്തരീക്ഷത്തിനും അനുയോജ്യമാണ്.

## തിൻകിച്ചൻ

സീബ ഇൻഡസ്ട്രീസിൽ നിന്നുള്ള പ്രീമിയം കിച്ചൻവെയർ, ഹോംവെയർ ബ്രാൻഡായ തിൻകിച്ചൻ®, കിൽനർ, കിച്ചൻഎയ്ഡ് , ബ്രബാൻഷ്യ, ടൈഫൂൺ എന്നിവയുൾപ്പെടെ 35-ലധികം അന്താരാഷ്ട്ര ബ്രാൻഡുകളെ ഒരുമിച്ച് കൊണ്ടുവരുന്നു . 1986 മുതലുള്ള നിർമ്മാണ, കയറ്റുമതി പരിചയത്തിന്റെ കരുത്തിൽ, സ്റ്റോറേജ്‌വെയർ, പാചക പാത്രങ്ങൾ, ബേക്കിംഗ് പാത്രങ്ങൾ, വിളമ്പാൻ ഉപയോഗിക്കുന്ന



പാത്രങ്ങൾ, ബാർവെയർ എന്നിവയുൾപ്പെടെ ഒട്ടേറെ സാമഗ്രികൾ ഈ പ്രദർശനത്തിൽ ഉൾപ്പെടുന്നു. പ്രീമിയം ആഗോള ഉൽപ്പന്നങ്ങൾ, ആധുനിക ജീവിതശൈലി എന്നിവയിലുള്ളതിൽ കിച്ചന്റെ ശ്രദ്ധയും, ഇന്ത്യൻ വിപണിക്കായുള്ള സംയോജിത റീട്ടെയ്ൽ, ഹോറെക [HoReCa], ഒ.ഇ.എം [O E M] , ഗിഫ്റ്റിംഗ് പരിഹാരങ്ങളും ഈ അവതരണത്തിൽ പ്രതിഫലിക്കുന്നു .

## സെല്ലോ ഗ്ലാസ്‌വെയർ

സെല്ലോ ഗ്ലാസ്‌വെയർ തങ്ങളുടെ പുതിയ സ്മാർട്ട് ലോക്ക് കണ്ടെയ്നറുകളും പ്രീമിയം ഗിഫ്റ്റ് സെറ്റുകളും അവതരിപ്പിക്കും. കമ്പനിയുടെ ഇന്ത്യയിലെ അത്യാധുനിക ഗ്ലാസ്



നിർമ്മാണ ശാലയിൽ നിർമ്മിച്ച ഈ ശേഖരം, ആധുനിക വീടുകൾക്ക് ആവശ്യമായ സ്റ്റോറേജ് സൗകര്യങ്ങൾക്കൊപ്പം സുതാര്യത, ഈട്, എയർടൈറ്റ് സംഭരണ ശേഷി എന്നിവ മനോഹരമായ ആധുനിക ഡിസൈനുകളുമായി സമന്വയിപ്പിക്കുന്നു . സമ്മാനങ്ങൾ നൽകുന്നതിനായി ഇത് മികച്ച ഓപ്ഷനും കൂടിയാണ്.

## ക്ലേ ക്രാഫ്റ്റ്

ഇന്ത്യയിലെ മുൻനിര സെറാമിക്, പോർസലൈൻ ടേബിൾവെയർ നിർമ്മാതാക്കളായ ക്ലേ ക്രാഫ്റ്റ് ഇന്ത്യ മാറിക്കൊണ്ടിരിക്കുന്ന റീട്ടെയ്ൽ, ഹോസ്പിറ്റാലിറ്റി, ലൈഫ്സ്റ്റൈൽ വിപണികൾക്കായി രൂപകൽപ്പന ചെയ്ത പോർസലൈൻ, സെറാമിക്



ടേബിൾവെയർ ശേഖരങ്ങൾ പ്രദർശനത്തിന് എത്തിക്കുന്നുണ്ട്. ഈ പ്രദർശനത്തിൽ പോർസലൈൻ കളക്ഷനുകൾ, ആധുനിക ഡൈനിംഗ്-സെർവിംഗ് പരിഹാരങ്ങൾ, സമ്മാനങ്ങൾ നൽകാൻ അനുയോജ്യമായ ടേബിൾവെയറുകൾ, ബിവറേജ്‌വെയറുകൾ, ഹോറെക [H o R e C a] കേന്ദ്രീകൃതമായ ശേഖരങ്ങൾ എന്നിവ ഉണ്ടായിരിക്കും. ഇവയെല്ലാം സമകാലിക ശൈലി, ഈട്, ഉപയോഗക്ഷമത, മികച്ച ഡൈനിംഗ് അനുഭവങ്ങൾ എന്നിവ മുൻനിർത്തി വികസിപ്പിച്ചെടുത്തവയാണ്.

## ബി.പി ഭാരത്

ടേബിൾവെയറുകൾക്കും ഹോസ്പിറ്റാലിറ്റി ഉൽപ്പന്നങ്ങൾക്കും പേരുകേട്ട ബി.പി ഭാരത്, ലൈഫ്സ്റ്റൈൽ, പ്രൊഫഷണൽ വിഭാഗങ്ങളിലുടനീളമുള്ള പുതിയ ഉൽപ്പന്നങ്ങളുടെ വിപുലമായ ശ്രേണിയുമായാണ് പ്രദർശനത്തിനെത്തുന്നത്. മാറിക്കൊണ്ടിരിക്കുന്ന റീട്ടെയ്ൽ, ഹോസ്പിറ്റാലിറ്റി ആവശ്യങ്ങൾക്കായി രൂപകൽപ്പന ചെയ്ത ആധുനിക ടേബിൾവെയർ കളക്ഷനുകൾ, ദൈനംദിന ഡൈനിംഗ് അവശ്യവസ്തുക്കൾ, മികച്ച പ്രവർത്തനക്ഷമതയുള്ള ഹോറെക [H o R e C a] സൊല്യൂഷനുകൾ എന്നിവ ഈ അവതരണത്തിൽ ഉൾപ്പെടുന്നു . ഉപയോഗക്ഷമത, ഈട്, മനോഹരമായ രൂപഭംഗി എന്നിവയാണ് ഇവയുടെ പ്രധാന സവിശേഷതകൾ.

## ഈസ്റ്റ് കോസ്റ്റ് ഡിസ്ട്രിബ്യൂട്ടേഴ്സ്

ഈസ്റ്റ് കോസ്റ്റ് ഡിസ്ട്രിബ്യൂട്ടേഴ്സ് [ECD], എച്ച്.ജി.എച്ച് ഇന്ത്യ 2026-ൽ ടേബിൾവെയർ, ഡ്രിങ്ക് വെയർ, കിച്ചൻവെയർ എന്നിവയുടെ പ്രീമിയം ഉൽപന്ന ശേഖരം പ്രദർശിപ്പിക്കും. ഇവരുടെ സ്വന്തം ബ്രാൻഡായ റോക്സ് , ഗ്ലാസ്‌വെയറുകൾക്കും ടേബിൾവെയറുകൾക്കുമായുള്ള പ്രമുഖ അന്താരാഷ്ട്ര ബ്രാൻഡുകളായ ലുമിനാർക്ക് , ക്രിസ്റ്റൽ ഡി ആർക്സ് , അതു കൂടാതെ ടെസ്കോമയുടെ പ്രശസ്തമായ യൂറോപ്യൻ കിച്ചൻവെയർ ശ്രേണി എന്നിവ ഇതിലെ പ്രധാന ആകർഷണങ്ങളാണ് . കാലാതീതമായ രൂപഭംഗിക്കും ആധുനിക ഡൈനിംഗ് പരിഹാരങ്ങൾക്കും ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ലുമിനാർക്കിന്റെ ഏറ്റവും പുതിയ കളക്ഷനുകൾക്കായിരിക്കും ഇതിൽ പ്രധാന ഊന്നൽ നൽകുക. റീട്ടെയ്ൽ, ഗിഫ്റ്റിംഗ്, ഹോറെക [HoReCa], ഹോം ലിവിംഗ് എന്നിവയ്ക്കായി രൂപകൽപ്പന ചെയ്ത ഈ പ്രദർശനം, ഡൈനിംഗ്, കിച്ചൻവെയർ വിഭാഗങ്ങളിൽ മാറിക്കൊണ്ടിരിക്കുന്ന ആഗോള ട്രെൻഡുകളെ പ്രതിഫലിപ്പിക്കുന്നു

## ദി സ്റ്റോൺ സാഫയർ

ദി സ്റ്റോൺ സാഫയർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്. [T S S I P L] , ഉപഭോക്തൃ ഉൽപ്പന്ന വിതരണ രംഗത്തെ ഒരു മുൻനിര ഗ്രൂപ്പായ ഇവർ, ഗൃഹോപകരണങ്ങളുടെയും അടുക്കള പരിഹാരങ്ങളുടെയും ഒരു വലിയ ശേഖരവുമായാണ് പ്രദർശനത്തിന് എത്തുന്നത്. ആധുനിക ഡിസൈനിലും ദൈനംദിന ഉപയോഗക്ഷമതയിലും ശ്രദ്ധയൂന്നികൊണ്ട് നിർമ്മിച്ച ഇവരുടെ സ്വന്തം ബ്രാൻഡായ സ്റ്റൺ-ന്റെ ലോഞ്ച് ഇതിലെ ഒരു പ്രധാന ആകർഷണമാണ്. അതോടൊപ്പം കോറെലിന്റെ [Corelle] ഭാരം



കുറഞ്ഞതും ഈടുനിൽക്കുന്നതുമായ ഡിന്നർവെയറുകൾ, കോറൽ ഡ്യൂറാനാനോ-ന്റെ കോട്ടിംഗ് ഇല്ലാത്ത ട്രൈ-പ്ലൈ സ്റ്റെയിൻലെസ്സ് സ്റ്റീൽ പാചക പാത്രങ്ങൾ, ആധുനിക ഡ്രിങ്ക് വെയർ ഉൽപ്പന്നങ്ങൾക്ക് പേരുകേട്ട തുർക്കിയിലെ പ്രമുഖ ഗ്ലാസ്‌വെയർ ബ്രാൻഡായ LAV എന്നിവയും ഈ പ്രദർശനത്തിൽ ഉണ്ടാകും.

## ബോഹ്റ മാർക്കറ്റിംഗ്

ബോഹ്റ മാർക്കറ്റിംഗ് എൽ.എൽ.പി ആഗോള ബ്രാൻഡുകളുടെ മികച്ചൊരു ശേഖരവുമായി എച്ച്.ജി.എച്ച് ഇന്ത്യ 2026-ലേക്ക് വീണ്ടുമെത്തുന്നു. ടേബിൾ & ടെയിൽ , നല്ല പോർസലൈൻ പാത്രങ്ങളുടെ തിളക്കവും ഭംഗിയും



തോന്നിപ്പിക്കുന്ന മലേഷ്യയിൽ നിന്നുള്ള തങ്ങളുടെ ഏറ്റവും പുതിയ 100% പ്യുവർ മെലാമൈൻ കളക്ഷൻ അവതരിപ്പിക്കുന്നു പാഷാബാചെ ഭാരം കുറഞ്ഞതും ആധുനികവുമായ ശൈലിയിലുള്ള തങ്ങളുടെ 2026-ലെ പുത്തൻ ടേബിൾടോപ്പ്, ഗ്ലാസ്‌വെയർ കളക്ഷനുകളുമായാണ് വീണ്ടുമെത്തുന്നത്. റിച്ചാർഡ്സൺ ഷെഫീൽഡ്, 185 വർഷത്തെ ബ്രിട്ടീഷ് കരകൗശലവിദ്യയും കൃത്യതയാർന്ന എഞ്ചിനീയറിംഗും ഒത്തുചേരുന്ന പ്രൊഫഷണൽ നിലവാരത്തിലുള്ള അടുക്കള കത്തികൾ പ്രദർശനത്തിനായി കൊണ്ടു വരുന്നുണ്ട്. ന്യൂഡ് ഗ്ലാസ് ലാളിത്യവും ആധുനിക ഭംഗിയും ചേർന്ന മികച്ച ഗ്ലാസ്‌വെയറുകൾ അവതരിപ്പിക്കുമ്പോൾ, ഐവിയോ ആധുനിക ദൈനംദിന ജീവിതത്തിന് അനുയോജ്യമായ സമകാലിക ടേബിൾവെയ-റുകളും വീട്ടുസാധനങ്ങളും പ്രദർശിപ്പിക്കുന്നു.

## ഓൾ ടൈം പ്ലാസ്റ്റിക്സ്

വൈവിധ്യമാർന്ന ഗൃഹോപകരണങ്ങൾക്കും അടുക്കള ഉൽപ്പന്നങ്ങൾക്കും പേരുകേട്ട ഓൾ ടൈം പ്ലാസ്റ്റിക്സ്, അടുക്കള ഉപകരണങ്ങൾ, സ്റ്റോറേജ്, മറ്റ് ഉപയോഗപ്രദമായ സാധനങ്ങൾ എന്നിവയിലുടനീളം ദൈനംദിന ജീവിതം കൂടുതൽ എളുപ്പമാക്കുന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കും. ഇതിലെ



പ്രധാന ആകർഷണങ്ങളിലൊന്ന് ക്രിസ്പർ കണ്ടെയ്ന-റുകളുടെ ശ്രേണിയാണ്. ഇത് 100% ഫുഡ്-ഗ്രേഡ്, ബി.പി.എ രഹിത മെറ്റീരിയലുകൾ ഉപയോഗിച്ച് ആധുനിക അടുക്ക-ളകളിലെ സ്റ്റോറേജ് ആവശ്യങ്ങൾക്കായി വികസിപ്പിച്ചെടു-ത്തതാണ്. എയർടൈറ്റ് സിലിക്കൺ ഗാസ്കറ്റ് സാങ്കേതികവിദ്യ, ഒന്നിനു മുകളിൽ ഒന്നായി അടുക്കിവെക്കാവുന്ന വലുപ്പങ്ങൾ, ഉള്ളിലെ സാധനങ്ങൾ എളുപ്പത്തിൽ കാണാൻ സഹായിക്കുന്ന സുതാര്യമായ അടപ്പുകൾ എന്നിവയോടെ, ഈ ശേഖരം സമകാലിക വീടുകൾക്ക് അനുയോജ്യമായ രീതിയിൽ ഉപയോഗക്ഷമതയും ഫ്രഷ്നെസ്സും സ്ഥലസൗകര്യവും ഒന്നിച്ച് നൽകുന്നു.

## ഏഷ്യൻ പ്ലാസ്റ്റോവെയേഴ്സ്

ഗൃഹോപകരണങ്ങൾക്കും ലൈഫ്സ്റ്റൈൽ ഉൽപ്പന്നങ്ങൾക്കും പേരുകേട്ട ഏഷ്യൻ പ്ലാസ്റ്റോവെയേഴ്സ്, സൗകര്യം, ഉപയോഗ-ക്ഷമത, ആധുനിക ഡിസൈൻ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന തങ്ങളുടെ ഏറ്റവും പുതിയ നവീന ഉൽപ്പന്ന-ങ്ങൾ പ്രദർശിപ്പിക്കും. ചൂട് നിലനിർത്താനുള്ള സൗകര്യമു-ള്ളതും അടപ്പ് ഒരു മൊബൈൽ സ്റ്റാൻഡ് ഹോൾഡറായും ഉപയോഗിക്കാവുന്നതുമായ, പുതുതായി പുറത്തിറക്കിയ 'ബിഞ്ച് ബോക്സ് ടിഫിൻ' ; മനോഹരമായ ഡിസൈനിലുള്ള പ്രീമിയം 'ജ്വൽ ഫ്ലാസ്ക്'; ദൈനംദിന ഉപയോഗത്തിനും യാത്രകൾക്കും അനുയോജ്യമായ ആകർഷകമായ ഡ്യുവൽ-




ടോൺ നിറങ്ങളിൽ അവതരിപ്പിച്ച 'അൾട്രാ സിപ്പ്' ഇൻസുലേറ്റഡ് വാട്ടർ ബോട്ടിൽ ശ്രേണി എന്നിവയാണ് ഇതിലെ പ്രധാന ആകർഷണങ്ങൾ.

## ജേപീ & ജേപീ പ്ലസ്

ഇന്ത്യയിലെ മുൻനിര ഗൃഹോപകരണ, കിച്ചൻവെയർ ബ്രാൻഡുകളിലൊന്നായ ജേപീ, ദൈനംദിന സൗകര്യങ്ങൾക്കും ആധുനിക ജീവിതത്തിനുമായി രൂപകൽപ്പന ചെയ്ത തങ്ങളുടെ വിപുലമായ കാസറോളുകൾ, ഇലക്ട്രോണിക് കുക്ക്‌വെയർ, സ്കൂൾ ലഞ്ച് ബോക്സുകൾ, വാട്ടർ ബോട്ടിലുകൾ, വാക്വംവെയർ ഉൽപ്പന്നങ്ങൾ എന്നിവ



പ്രദർശിപ്പിക്കും. ഇന്ത്യയിലെ ഏറ്റവും വലിയ കാസറോൾ നിർമ്മാതാക്കളിൽ ഒരാളായ ഈ ബ്രാൻഡ്, ആധുനിക വീടുകൾക്ക് ആവശ്യമായ ഉപയോഗക്ഷമതയും കാര്യക്ഷമ-തയും നൽകുന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി പുത്തൻ ഡിസൈനുകളും ഈടുനിൽക്കുന്ന നിർമ്മാണരീ-തിയും സമന്വയിപ്പിച്ചിരിക്കുന്നു.

## നയാസ

നയാസ എന്ന പ്രശസ്തമായ ഇന്ത്യൻ ഹൗസ്‌വെയർ ബ്രാൻഡ്, ചൂട് നിലനിർത്തുന്ന കാസറോളുകൾ, വാക്വം ഫ്ലാസ്കുകൾ, മോഡുലാർ ഓർഗനൈസറുകൾ എന്നിവ ആകർഷകമായ നിറങ്ങളിലും ഈടുനിൽക്കുന്ന ബി.പി.എ രഹിത മെറ്റീരിയ-ലുകളിലും ആണ് നിർമ്മിച്ചിരിക്കുന്നത്. ഉപയോഗക്ഷമതയും




ഈടും കൂടുതൽ മനോഹരമായ ആധുനിക ഡിസൈൻ ശൈലിയും ഒത്തുചേരുന്നതാണ് ഇവയുടെ രൂപകൽപ്പന.

## ഫ്ലെയർ ഹൗസ്‌വെയർ

ആധുനിക ഡ്രിങ്ക് വെയറുകൾക്കും ഗൃഹോപകരണങ്ങൾക്കും പേരുകേട്ട ഫ്ലെയർ ഹൗസ്‌വെയർ, ആധുനിക ജീവിതശൈലിക്കും വ്യക്തിഗത താല്പര്യങ്ങൾക്കും അനുയോജ്യമായ പുതിയ ഉൽപ്പന്നങ്ങളിലൂടെ തങ്ങളുടെ പ്രീമിയം ഇൻസുലേറ്റഡ് ഡ്രിങ്ക് വെയർ ശ്രേണി വിപുലീകരിക്കുകയാണ്. ബി.പി.എ രഹിത ഫുഡ്-ഗ്രേഡ് സ്റ്റെയിൻലെസ്സ് സ്റ്റീൽ ഉപയോഗിച്ച് നിർമ്മിച്ച, അനായാസം കൊണ്ടുനടക്കാവുന്നതും ചൂടും തണുപ്പും നിലനിർത്തുന്നതുമായ സ്റ്റൈലിഷ് ഡബിൾ-വാൾ വാക്വം ഇൻസുലേറ്റഡ് ടംബ്ലറായ വൈബ്-ഉം, ഒപ്പം വ്യക്തിഗത ഡിസൈനുകൾക്കും സമ്മാനങ്ങൾ നൽകുന്നതിനുമായി ഇൻ-ഹൗസ് 3D കസ്റ്റമൈസേഷൻ സൗകര്യമുള്ള പ്രീമിയം ടംബ്ലർ ശ്രേണിയായ ഏറോ-യും ഈ പ്രദർശനത്തിൽ ഉൾപ്പെടുന്നു.

## നാനോബോട്ട്

രാജസ്ഥാനിലെ ജോധ്പൂർ ആസ്ഥാനമായുള്ള നാനോബോട്ട് ഹൗസ്‌വെയർ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് , മികച്ച ഈട്, റിപ്പയർ ചെയ്യാനുള്ള സൗകര്യം, ദീർഘകാല ദൈനംദിന ഉപയോഗക്ഷമത എന്നിവ മുൻനിർത്തി വികസിപ്പിച്ചെടുത്ത വാക്വം ഇൻസുലേറ്റഡ് സ്റ്റെയിൻലെസ്സ് സ്റ്റീൽ ടിഫിനായ 'നാനോബോട്ട് സോളോ ലഞ്ച് തെർമോസ് പ്രദർശനത്തിൽ എത്തിക്കുന്നുണ്ട്. കമ്പനിയുടെ സ്വന്തം ISO, BIS അംഗീകൃത ഫാക്ടറിയിൽ നിർമ്മിച്ച ഈ ഉൽപ്പന്നം, ഡബിൾ-വാൾ വാക്വം ഇൻസുലേഷൻ, ചെമ്പ് പൂശിയ തെർമൽ കോർ, ഇൻസുലേറ്റഡ് പാത്രങ്ങളിൽ സാധാരണയായി കാണാറുള്ള അടപ്പ് കുടുങ്ങിപ്പോകുന്ന പ്രശ്നം പരിഹരിക്കാൻ സഹായിക്കുന്ന ലിഫ്റ്റ്-ലിഡ് എയർ-റിലീസ് മെക്കാനിസം എന്നിവ സമന്വയിപ്പിച്ച് നിർമ്മിച്ചിരിക്കുന്നവയാണ്. മാറ്റിസ്ഥാപിക്കാവുന്ന അടപ്പുകളും സിലിക്കൺ സീലുകളുമുള്ള, ഫുഡ്-ഗ്രേഡ് സ്റ്റെയിൻലെസ്സ് സ്റ്റീൽ 304 ഉപയോഗിച്ച് രൂപകൽപ്പന ചെയ്ത ഈ ശ്രേണി ചോർച്ചയില്ലാത്ത ഉപയോഗം, ചൂട് നിലനിർത്തൽ, പുനരുപയോഗിക്കാവുന്ന ഡിസൈൻ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. ഇത് ദീർഘകാല ഉപയോഗം, ബോധപൂർവ്വമായ ജീവിതശൈലി, ദൈനംദിന മാലിന്യങ്ങൾ കുറയ്ക്കൽ എന്നീ സുസ്ഥിരതാ പവിലിയൻ ലക്ഷ്യങ്ങളുമായി ശക്തമായി പൊരുത്തപ്പെടുന്നു.

## വെയ്ഗോ

നവീനമായ ഭക്ഷണ സംഭരണ മാർഗ്ഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വെയ്ഗോ, ലഞ്ച് ബോക്സുകൾക്കായി



സ്റ്റീൽ-പോളിമർ സീലിംഗ് സാങ്കേതികവിദ്യക്ക് പേറ്റന്റ് നേടിയവരാണ്. വ്യത്യസ്തമായ ഉൽപ്പന്ന രൂപകൽപ്പനയിലൂടെ മികച്ച ചോർച്ചാ പ്രതിരോധം, ശുചിത്വം, ദീർഘകാല ഈട് എന്നിവ ഇത് ഉറപ്പാക്കുന്നു.

# അപൂർവ്വമായ ഡിസൈനുകൾ | അന്താരാഷ്ട്ര ബ്രാൻഡുകൾ | 30 രാജ്യങ്ങൾ

## ഇൻറർനാഷണൽ സോഴ്സിംഗ്

എച്ച്.ജി.എച്ച് ഇന്ത്യ 2026 കടയുടമകൾ, ഇറക്കുമതിക്കാർ, വിതരണക്കാർ, ആർക്കിടെക്റ്റുകൾ, ഇന്റീരിയർ ഡിസൈനർ-മാർ, ഇൻസ്റ്റിറ്റ്യൂഷണൽ ബയർമാർ എന്നിവർക്ക് കണ്ട് മനസ്സിലാക്കാനും ദീർഘകാല ബിസിനസ്സ് പങ്കാളിത്തം സ്ഥാപി-ക്കാനുമായി ലോകമെമ്പാടുമുള്ള അന്താരാഷ്ട്ര ഉൽപ്പന്നങ്ങളെ ഒരുകുടക്കീഴിൽ കൊണ്ടു വരികയാണ്. എച്ച്.ജി.എച്ച് ഇന്ത്യ ന്യൂസിന്റെ ഈ പതിപ്പിൽ, ഗൃഹോപകരണ വിഭാഗത്തിലെ അന്താരാഷ്ട്ര സ്രോതസ്സുകളെയും ബ്രാൻഡുകളെയും ഞങ്ങൾ പരിചയപ്പെടുത്തുന്നു. എല്ലാ അന്താരാഷ്ട്ര പ്രദർശകരും ഗൃഹോപകരണങ്ങൾക്കായി മാത്രമായി മാറ്റിവെച്ചിരിക്കുന്ന ഹാൾ 4-ൽ ഉണ്ടായിരിക്കും ഹോം ഡെക്കോർ, ഫർണിച്ചർ മേഖലകളിലെ അന്താരാഷ്ട്ര പ്രദർശകരെ എച്ച്.ജി.എച്ച് ഇന്ത്യ ന്യൂസ് 4-ൽ പരിചയപ്പെടുത്തുന്നതാണ്.

## ഇറ്റലി

### എഫ്.ഐ.എം.എം ഇറ്റായിയ

മെറ്റൽ ചൂൽ പിടികൾക്കും വീട്ടുപയോഗ സാധനങ്ങൾക്കും പേരുകേട്ട എഫ്.ഐ.എം.എം ഇറ്റായിയ ഇന്ത്യയിൽ ഉൽപ്പാദന പങ്കാളിത്തത്തിനുള്ള അവസരങ്ങൾ തേടുക എന്ന ലക്ഷ്യത്തോടെയാണ് എത്തുന്നത്.



## ഫ്രാൻസ്

### ലാകോ

ഗാർഹിക ക്ലീനിംഗ്, പോളിഷിംഗ് ഉൽപ്പന്ന രംഗത്തെ പ്രമുഖ ഫ്രഞ്ച് ബ്രാൻഡായ ലാകോ (L A C O), ഹാൾ 4-ൽ ആദ്യമായി എച്ച്.ജി.എച്ച് ഇന്ത്യയിൽ നേരിട്ട് പങ്കെടുക്കുന്നു. പ്രൊഫഷണൽ നിലവാരത്തിലുള്ള ഉപയോഗത്തിനായി വികസിപ്പിച്ചെടുത്ത,



പരിസ്ഥിതി സൗഹൃദവും E C O C E R T അംഗീകൃതവും വിഷാംശമില്ലാത്തതുമായ ക്ലീനിംഗ് ഉൽപ്പന്നങ്ങൾ ഇവർ പ്രദർശിപ്പിക്കും. ഇന്ത്യയിൽ ദീർഘകാല ഇറക്കുമതി, വിതരണ, വ്യാപാര പങ്കാളിത്തം സ്ഥാപിക്കാൻ ലാകോ ലക്ഷ്യമിടുന്നു.

## സിംഗപ്പൂർ

### സെഡ്മോമെന്റ്സ്

സിംഗപ്പൂർ ആസ്ഥാനമായുള്ള സെഡ്മോമെന്റ്സ്, സുസ്ഥിര-തയ്ക്കും കാലാതീതമായ ടേബിൾവെയർ ഡിസൈനുകൾക്കും പ്രാധാന്യം നൽകുന്ന ഒരു ആധുനിക ഡിന്നർവെയർ ബ്രാൻഡാണ്. മികച്ച ഈട്, മനോഹരമായ രൂപഭംഗി, ദീർഘകാല ദൈനംദിന ഉപയോഗം എന്നിവ മുൻനിർത്തി തയ്യാറാക്കിയ തങ്ങളുടെ ഏറ്റവും പുതിയ ശേഖരം ഇവരുടെ പ്രദർശനത്തിലുണ്ടാകും.



## ചൈന

### ഹുവാങ്യാൻ ഇംപോർട്ട് & എക്സ്പോർട്ട് കോർപ്പറേഷൻ

ഷെജിയാംഗിലെ ഹുവാങ്യാൻ ഇംപോർട്ട് & എക്സ്പോർട്ട് കോർപ്പറേഷൻ, ആഗോള വ്യാപാര രംഗത്തെ തങ്ങളുടെ പതിറ്റാണ്ടുകളുടെ പരിചയസമ്പത്തുമായി വൈവിധ്യമാർന്ന ഗൃഹോപകരണങ്ങളും അടുക്കള ഉപകരണങ്ങളും അവതരിപ്പിക്കുന്നതാണ്. 1988-ൽ സ്ഥാപിതമായ ഈ കമ്പനി, ലഞ്ച് ബോക്സ്, ചോപ്പിംഗ് ബോർഡ്, വാട്ടർ ബോട്ടിൽ, ഹൗസ്‌വെയർ, ഗിഫ്റ്റുകൾ തുടങ്ങി വിപുലമായ ഉൽപ്പന്ന ശേഖരം വാഗ്ദാനം ചെയ്യുന്നു. ശക്തമായ അന്താരാഷ്ട്ര സാന്നിധ്യമുള്ള ഇവരുടെ ഉൽപ്പന്നങ്ങൾ ലോകമെമ്പാടുമുള്ള നിരവധി വിപണികളിൽ വിതരണം ചെയ്യപ്പെടുന്നു. കമ്പനി പുതിയ അവസരങ്ങൾ തേടാനും കൂടുതൽ സാധ്യതയുള്ള വിപണികൾ വികസിപ്പിച്ചുകൊണ്ട് തങ്ങളുടെ സാന്നിധ്യം വ്യാപിപ്പിക്കാനും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

### കാങ്നാൻ കൗണ്ടി സിംഗ്തായ് ക്ലീനിംഗ് സപ്ലൈസ് കമ്പനി ലിമിറ്റഡ്

കാങ്നാൻ കൗണ്ടി സിംഗ്തായ് ക്ലീനിംഗ് സപ്ലൈസ് കമ്പനി ലിമിറ്റഡ്, നിർമ്മാണ രംഗത്തെ രണ്ട് പതിറ്റണ്ടിലധികം പരിചയസമ്പത്തിന്റെ കരുത്തിൽ തങ്ങളുടെ വിപുലമായ ക്ലീനിംഗ് ഉൽപ്പന്നങ്ങളുമായാണ് പ്രദർശനത്തിനെത്തുന്നത് വിവിധ തരം ക്ലീനിംഗ് ആവശ്യങ്ങൾക്കായി ട്വിസ്റ്റ് മോപ്പുകൾ, വാട്ടർ മോപ്പുകൾ, ഫ്ലാറ്റ് മോപ്പുകൾ എന്നിവയും അതോടൊപ്പം ഡസ്റ്ററുകളും ഫ്ലോർ വൈപ്പറുകളും നിർമ്മിക്കുന്നതിൽ വിദഗ്ധരാണ് ഇവർ. ഇവരുടെ ഉൽപ്പന്നങ്ങൾ യൂറോപ്പ്, ഏഷ്യ, മിഡിൽ ഈസ്റ്റ്, യു.എസ്.എ എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നു. വൻതോതിലുള്ള ഉൽപ്പാദന ശേഷിക്കും കർശനമായ ഗുണനിലവാര നിയന്ത്രണ പ്രക്രിയകൾക്കും പേരുകേട്ട ഈ കമ്പനി, തങ്ങളുടെ പ്രതിബദ്ധതയിലൂടെ വിശ്വസനീയവും



ഉയർന്ന ഗുണനിലവാരമുള്ളതുമായ ഉൽപ്പന്നങ്ങൾ എത്തിക്കു-ന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

### വൂയി ഷുവാംഗ്ലി കപ്പ് കമ്പനി ലിമിറ്റഡ്

ഗവേഷണവും വികസനവും [R&D], ഉൽപ്പാദനവും, വിപണനവും നേരിട്ട് നടത്തുന്ന ഒരു സംയോജിത സ്ഥാപനമെന്ന നിലയിൽ, ഈ കമ്പനി അംഗീകൃത ഗുണനിലവാര മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് 70-ലധികം രാജ്യങ്ങൾക്ക് സേവനം നൽകു-കയും ഉൽപ്പന്നങ്ങൾ നിരന്തരം വികസിപ്പിച്ചുകൊണ്ടി-രിക്കുകയും ചെയ്യുന്നു. നിർമ്മാണ രംഗത്തെ രണ്ട് പതിറ്റണ്ടി-ലധികം പരിചയസമ്പത്തിന്റെ കരുത്തിൽ, സ്റ്റെയിൻലെസ്സ് സ്റ്റീൽ വാക്വം ഫ്ലാസ്കുകൾ, വാട്ടർ ബോട്ടിലുകൾ, കോഫി പോട്ടുകൾ, മഗ്ഗുകൾ എന്നിവയുടെ വിപുലമായ ശ്രേണിയുമായാണ് ഇവർ ഇവിടെ എത്തിയിരിക്കുന്നത്. സുസ്ഥിരതയിലും മികച്ച നിർമ്മാണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഈ കമ്പനി, 5G സാങ്കേതികവിദ്യയിലധിഷ്ഠിതമായ ഒരു ഇൻറലിജൻറ് ഫാക്ടറി ലക്ഷ്യമാക്കി മുന്നേറുകയാണ്.



### ഹെനാൻ ഹുവാബാംഗ് ഇംപ്ലിമെന്റ് & കുക്കർ കമ്പനി ലിമിറ്റഡ്

ഹെനാൻ ഹുവാബാംഗ് ഇംപ്ലിമെന്റ് & കുക്കർ കമ്പനി ലിമിറ്റഡ്, പ്രസ്സ്ഡ് കാസ്റ്റ് അയൺ കൊണ്ടുള്ള പാചക പാത്രങ്ങളുടെ നിർമ്മാണത്തിലുള്ള തങ്ങളുടെ മുപ്പതിലധികം വർഷത്തെ പരിചയസമ്പത്ത് ഇവിടെ അവതരിപ്പിക്കും. മോൾഡ് വികസിപ്പിച്ചെടുക്കൽ, കാസ്റ്റിംഗ്, പോളിഷിംഗ്, ഇനാമലിംഗ്, നോൺ-സ്റ്റിക് കോട്ടിംഗ്, അത്യാധുനിക സർഫസ് ട്രീറ്റ്മെന്റുകൾ എന്നിവയുൾപ്പെടെ എല്ലാ സൗകര്യങ്ങളും ഒത്തുചേരുന്ന ഒരു വലിയ ഫാക്ടറിയാണ് കമ്പനി നടത്തുന്നത്. ഗുണനിലവാ-ത്തിലും ISO 9001, BSCI തുടങ്ങിയ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിക്കുന്നതിലും ശക്തമായ ശ്രദ്ധ പുലർത്തുന്ന ഹുവാബാംഗ്, യൂറോപ്പും യുണൈറ്റഡ് സ്റ്റേറ്റ്സും ഉൾപ്പെടെയുള്ള ആഗോള വിപണികളിലേക്ക് ഈടുനിൽക്കുന്നതും മികച്ച പ്രവർത്തന-ക്ഷമതയുള്ളതുമായ പാചക പാത്രങ്ങൾ എത്തിക്കുന്നു. മികച്ച ഉൽപ്പാദന ശേഷിക്കും കൃത്യമായ ഗുണനിലവാര നിയന്ത്ര-ണത്തിനും പേരുകേട്ട ഈ കമ്പനി, തങ്ങളുടെ അന്താരാഷ്ട്ര സാന്നിധ്യം വ്യാപിപ്പിക്കുന്നതോടൊപ്പം ദീർഘകാല പങ്കാളിത്തം കെട്ടിപ്പടുക്കുന്നത് തുടരുകയാണ്.

### ഷെജിയാംഗ് ഹാവോനാൻ ഇൻഡസ്ട്രി ആൻഡ് ട്രേഡ് കമ്പനി ലിമിറ്റഡ്

ഷെജിയാംഗ് ഹാവോനാൻ ഇൻഡസ്ട്രി ആൻഡ് ട്രേഡ് കമ്പനി ലിമിറ്റഡ്, ഡി.ഐ.വൈ [D I Y] വാർഡ്രോബുകൾ, ഷൂ കാബിനറ്റുകൾ, ബുക് കേസുകൾ, സ്റ്റോറേജ് റാക്കുകൾ, ബെഡ്സൈഡ് കാബിനറ്റുകൾ, അടുക്കള ഷെൽഫുകൾ എന്നിവയുൾപ്പെടെയുള്ള മോഡുലാർ ഗാർഹിക സംഭരണ മാർഗ്ഗങ്ങൾ എച്ച്.ജി.എച്ച് ഇന്ത്യയിൽ അവതരിപ്പിക്കുന്നതാണ്. സ്വന്തം ഗവേഷണ-വികസന [R & D] മികവിന്റെ കരുത്തിൽ, ഇവരുടെ ഉൽപ്പന്നങ്ങൾ ആരോഗ്യത്തിന് ഹാനികരമല്ലാത്ത മെറ്റീരിയലുകൾക്കും ആധുനിക ഡിസൈനുകൾക്കും മുൻഗണന നൽകുന്നു. ഇത് റീട്ടെയ്ൽ, ഹോസ്പിറ്റാലിറ്റി മേഖലകൾക്ക് ഒരുപോലെ അനുയോജ്യമാണ്. ആഗോളതലത്തിൽ വിതരണ ശൃംഖലയുള്ള ഹാവോനാൻ, ഇന്നത്തെ ആധുനികമായ ഓർഗനൈസ്ഡ് റീട്ടെയ്ൽ രംഗം ആവശ്യപ്പെടുന്ന മോഡുലാർ സൗകര്യങ്ങൾക്കായി രൂപകൽപ്പന ചെയ്ത വൈവിധ്യമാർന്നതും പരിസ്ഥിതി സൗഹൃദവുമായ ഉൽപ്പന്നങ്ങളാണ് ബയർമാർക്ക് വാഗ്ദാനം ചെയ്യുന്നത്.

### യോങ്കാങ് സിൻസിൻ മെറ്റൽ പ്രൊഡക്റ്റ്സ് കമ്പനി ലിമിറ്റഡ്

ചൈനയുടെ ഹാർഡ്‌വെയർ നിർമ്മാണ തലസ്ഥാനമായ യോങ്കാങ് ആസ്ഥാനമായുള്ള സിൻസിൻ ടൂൾസ് മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ്, കൃത്യതയാർന്ന നിർമ്മിതിയിലുള്ള തങ്ങളുടെ സ്റ്റെയിൻലെസ്സ് സ്റ്റീൽ ഉൽപ്പന്നങ്ങളും ഹാർഡ്‌വെയർ ഉപകരണങ്ങളും എച്ച്.ജി.എച്ച് ഇന്ത്യയിലേക്ക് എത്തിക്കുന്നു. ഗവേഷണവും വികസനവും [R & D], നിർമ്മാണവും, വിപണനവും സംയോജിപ്പിച്ച് മുന്നോട്ട് കൊണ്ടു പോകുന്ന ഈ കമ്പനിക്ക് യുണൈറ്റഡ് സ്റ്റേറ്റ്സ്, ജപ്പാൻ, കൊറിയ, യൂറോപ്പ് എന്നിവിടങ്ങളിൽ ശക്തമായ കയറ്റുമതി സാന്നിധ്യമുണ്ട്. അന്താരാഷ്ട്ര സംഭരണ മാനദണ്ഡങ്ങൾക്കനുസരിച്ച് നിർമ്മിച്ച ഉൽപ്പന്നങ്ങളും വിവിധ വിപണികളിലെ വിതരണ പരിചയവും ഉള്ളതിനാൽ, ഹാർഡ്‌വെയർ-ടൂൾസ് ബയർമാർക്ക് ആവശ്യമായ കൃത്യമായ ഗുണനിലവാരവും വലിയ തോതിലുള്ള വിതരണ വിശ്വസ്തതയും നൽകാൻ സിൻസിൻ കമ്പനിക്ക് സാധിക്കുന്നു.

## പങ്കെടുക്കുന്ന മറ്റ് ബ്രാൻഡുകൾ

മുകളിൽ പറഞ്ഞിരിക്കുന്ന ബ്രാൻഡുകൾക്കും പ്രദർശകർ-ക്കും പുറമെ, പേരുകേട്ട ബ്രാൻഡുകളായ പേൾപെറ്റ്, യേര, എഫ്.എൻ.എസ് , പെക്സ്പോ , സിഗ്നോരവെയർ , വോല തുട-ങ്ങിയ നിരവധി ഇന്ത്യൻ, അന്താരാഷ്ട്ര ഗൃഹോപകരണ ബ്രാൻഡുകളും തങ്ങളുടെ ഏറ്റവും പുതിയ ശേഖരങ്ങൾ ഈ മേളയിൽ പ്രദർശിപ്പിക്കുന്നുണ്ട്.

**19-മത് എച്ച്.ജി.എച്ച് ഇന്ത്യ**
**2026 ജൂൺ 30 മുതൽ ജൂലൈ 03 വരെ,**
**ബോംബെ എക്സിബിഷൻ സെന്റർ, മുംബൈ**

**രജിസ്റ്റർ ചെയ്യാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക**

ഏറ്റവും പുതിയ വിവരങ്ങൾക്ക്
www.hghindia.com